# Weekly Devotion - November 2016

## Is time necessary healing? (സൗഖ്യത്തിന് സമയമോ)

## Week -3



ഒരിക്കൽ ഒരു രാജാവ് തന്റെ ഏകമകന്റെ ആഗ്രഹം സാധിച്ചു കൊടുക്കുവാൻ അവനെ ആയുധവിദ്യകൾ അഭ്യസിപ്പിക്കുവാൻ കൊട്ടാരത്തിൽ നിന്ന് ദൂരെയുള്ള ഒരു ഗുരുവിന്റെ അടുക്കലേക്കയച്ചു. പോയി വിദ്യകൾ പരിശീലിച്ചു വന്ന മകനെ കണ്ട് രാജാവ് സകല വിവരവും അന്വേഷിച്ചു. ആയുധവിദ്യാ പരിശീലനം നല്ലതു തന്നെ. എന്നാൽ യാത്ര വൈഷമ്യമുള്ളതാണ് എന്ന് മകൻ പിതാവിനെ അറിയിച്ചു. പിന്നെ പിതാവ് താമസിച്ചില്ല, തന്റെ മകന് പോകേണ്ട വഴി പരവതാനി വിരിച്ച് ഭംഗിയാക്കുവാൻ കല്പിച്ചു. രാജകല്പനയുടെ വിവരം അറിഞ്ഞ ഗുരു രാജസന്നിധിയിലെത്തി ഇപ്രകാരം അറിയിച്ചു. "പ്രഭോ, മകൻ നടക്കുന്ന വഴിയിലെല്ലാം പരവതാനി വിരിക്കുന്നതിനേക്കാൾ നല്ലത് മകന് ഒരു ജോഡി ചെരുപ്പുകൾ വാങ്ങി നൽകുന്നതല്ലേ"? എന്ന് ഈ അഭിപ്രായത്തിൽ സന്തോഷിച്ച രാജാവ് ഗുരു പറഞ്ഞതു പോലെ ചെയ്ത് പ്രശ്നം പരിഹരിച്ചു.

ജീവിതയാത്രയിലായിരിക്കുന്നവർ പ്രതിസന്ധികളിൽ അവരവരുടെ പാദവിന്യാസങ്ങൾ ശരിയാക്കിയാൽ നാം എത്തേണ്ടിടത്ത് തന്നെ എത്തും. പ്രതിസന്ധിയിൽ എത്തേണ്ടിടത്തേക്ക് തന്റെ പാദഗതിയെ നയിച്ച ഒരു രാജഭൃത്യനെ യോഹന്നാൻ (4:46 - 53) വരെയുള്ള വാക്യങ്ങളിൽ കാണാം. യേശു ഗലീലയിൽ ഉണ്ടെന്നുള്ള വാർത്ത കേട്ടതിനാലാണ് കഫർന്നഹൂമിൽ നിന്ന് രാജഭൃത്യൻ അവിടെ എത്തിയത്. മകൻ മരണാസന്നനാകയാൽ " വന്ന് സൗഖ്യമാക്കേണമേ" എന്ന യാചന വിശ്വാസത്തോടെയുള്ളതാണോ എന്ന് യേശു പരിശോധിച്ചു. അത്ഭുതങ്ങളും അടയാളങ്ങളും കണ്ടാലേ ചിലർ അന്നും ഇന്നും വിശ്വസിക്കുകയുള്ളു. എന്നാൽ ഈ പിതാവ് പൂർണ്ണ വിശ്വാസത്തോടെയാണ് എന്ന് അദ്ദേഹം രണ്ടാമതും

യാചിച്ചപ്പോൾ വ്യക്തമാക്കി. "കർത്താവേ! പൈതൽ മരിക്കും മുമ്പേ വരേണമേ". ഈ അപേക്ഷയിൽ നിന്ന് രാജഭൃത്യന്റെ വിശ്വാസത്തിന്റെ വ്യക്തത മനസ്സിലാക്കിയ യേശു പറഞ്ഞു **" പോക, നിന്റെ മകൻ ജീവിച്ചിരിക്കുന്നു"**.

യേശുവിന്റെ വാക്കുകൾ പൂർണ്ണമായി വിശ്വസിച്ചവൻ സൗഖ്യത്തിന്റെ കൃത്യസമയം അറിഞ്ഞു. **വിടുതലിന്റെ ആ ഏഴുമണി** അവന്റെ കുടുംബ ജീവിതത്തെ തന്നെ മാറ്റിമറിച്ച സമയമായിരുന്നു. മറു ചോദ്യം ചോദിക്കാതെ സംശയത്തിന്റെ നോട്ടം അയയ്ക്കാതെ, വിശ്വസിച്ചവനു മാത്രമേ സൗഖ്യത്തിന്റെ സമയം അഥവാ യേശു പറഞ്ഞ നാഴികയുടെ മഹത്വം മനസ്സിലാക്കുകയുള്ളു. അതേ,-- ആ എഴുമണി സമയമാണ്, അപ്പനും, മകനും ദേശം നൽകിയ വിളിപ്പേരുകൾ തകർത്ത് ദൂരെയെറിഞ്ഞത്. സഹോദരങ്ങളെ --------- പരിഹാസികൾ പറഞ്ഞ വാക്കുകൾ നിങ്ങളുടെ ഹൃദയത്തെ മുറിപ്പെടുത്തി എങ്കിൽ ആശ്വാസദായകനും, നിങ്ങളുടെ ജീവിതത്തെ ഒരു വാക്കുകൊണ്ട് മാറ്റിമറിക്കുന്നവനുമായ യേശുവിന്റെ അടുക്കലെത്തുക. രാജഭൃത്യന്റെ മകൻ " ആ ഏഴുമണി"യ്ക്കു മുമ്പ് അറിയപ്പെട്ടത് ദീനക്കാരൻ എന്ന പേരിലായിരുന്നു. എന്നാൽ ആ വിടുതലിന്റെ സമയം ---- ആ ഏഴുമണിയ്ക്കു ശേഷം യേശുവിന്റെ വാക്കിനാൽ സൗഖ്യമായവൻ എന്ന ബഹുമാനത്തോടെ ആളുകൾ അവനെ കണ്ടു തുടങ്ങി. യേശു ജീവൻ മടക്കി നൽകിയവൻ എന്ന മേലെഴുത്ത് ഇപ്പോൾ അവന് ലഭ്യമായി. രോഗിയുടെ പിതാവായ രാജഭൃത്യൻ എന്ന പേര് പിതാവിനും മാറി കിട്ടി. എന്റെ അഭിപ്രായത്തിൽ അദ്ദേഹത്തിന് ഏറ്റവും യോജിച്ച പേര് " സൗഖ്യത്തിന്റെ സമയം കണ്ടെത്തിയ വിശ്വാസി" എന്നാണ്. കൂടാതെ കുടുംബം ഒന്നിച്ച് യേശുവിൽ വിശ്വസിച്ചു എന്ന ഭാഗ്യവും അവർക്ക് ലഭിച്ചു.




പ്രീയമുള്ള കുഞ്ഞുങ്ങളെ ! നിങ്ങൾ കഴിവില്ലാത്തവർ, ബുദ്ധിയില്ലാത്തവർ എന്ന് മറ്റുള്ളവർ പരിഹസിക്കുമ്പോൾ യേശുവിന്റെ അടുക്കലെത്തുക. ഒരു കാര്യം ഓർമ്മയിലിരിക്കട്ടെ, വിശ്വാസത്തിന്റെ ശോധനയിങ്കൽ പിറുപിറുക്കാതെ പൂർണ്ണമായി വിശ്വസിച്ചാൽ അനുഗ്രത്തിന്റെ, സൗഖ്യത്തിന്റെ ' ആ സമയം' ---- " ആ നാഴിക'. നമ്മുടെ ജീവിതത്തിലും ഉണ്ടാകും, തുടർന്ന് പൂതിയ പേര്, പുതിയ ശക്തി, ബഹുമാനം ഇവ നമുക്ക് ലഭിക്കുന്നു, വേഗമാകട്ടെ അവൻ നമ്മെ നോക്കുന്നു , നമുക്ക് ചെല്ലാം ആ ജീവദായകന്നിരികെ.

## പ്രാർത്ഥന

നിങ്ങൾ ജീവിച്ചിരിക്കേണ്ടതിന് എന്നെ അന്വേഷിപ്പീൻ എന്ന് അരുളിച്ചെയ്ത കർത്താവേ. അങ്ങയുടെ സ്നേഹത്തിനായി നന്ദി. അങ്ങയെ അന്വേഷിച്ച് കണ്ടെത്തി, പൂർണ്ണമായി വിശ്വസിച്ചനുസരിപ്പാൻ കൃപ ചെയ്യേണമേ, ആത്മീയ മരണത്തിലകപ്പെട്ടവരെ ജീവനിലേക്കെത്തിപ്പാൻ കൃപ ചെയ്യേണമേ. ആമേൻ


**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind